കേരള സർക്കാർ

*കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്*

*www.lfa.kerala.gov.in*

# *വിളക്കുടി ഗ്രാമപഞ്ചായത്ത്*

# *ഓഡിറ്റ് റിപ്പോർട്ട്* 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

*(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)*

നം.കെ.എസ്.എ.കെ.എൽ.എം.പി 9/368/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –22/04/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2, ഭാഗം3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി 9/368/2019 തീയതി:22/04/2019

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യൂ റോയി കെ.പി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.02.19 മുതൽ 21.02.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി സിന്ധു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.സിന്ധു റ്റി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീമതി.റജിന.എ.എസ് | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി വിജയൻ | 01.04.17മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ. റ്റി എൻ ഭദ്രൻ | 01.04.17 മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനോദ് കുമാർ | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അനീസ എം.എസ് | 01.04.17 മുതൽ 01.07.17 വരെ |
| | ശ്രീ. സുനിൽ കെ | 02.07.17 മുതൽ 9.07.17 വരെ |
| | ശ്രീ. സുരേഷ് കുമാർ | 10.07.17 മുതൽ 27.07.17 വരെ |
| | ശ്രീമതി.അനീസ എം.എസ് | 28.07.17 മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ.ഉഷ | 01.04.17മുതൽ 21.03.18 വരെ |
| | ഡോ.സ്ലീബ വർഗ്ഗീസ് | 22.03.18മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീമതി. സിന്ധു റ്റി | 26.07.17മുതൽ 31.03.18 വരെ |
| | ശ്രീ.സുരേഷ് കുമാർ.വി | 01.04.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.മറിയാമ്മ ഡാനിയേൽ | 01.04.17മുതൽ 31.03.18 വരെ |
| എച്ച്.എം | ശ്രീമതി.രേണുക എൻ | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.റാണാ ബി മോദി | 01.04.17മുതൽ |

| | | |
|---|---|---|
| പി.എച്ച്.സി | | 17.05.17 FN വരെ |
| | ഡോ.സുമി | 17.05.17 AN മുതൽ 04.08.17 വരെ |
| | ഡോ.നിതിൻ തോമസ് ടെറൻസ് | 05.08.17 മുതൽ 29.08.17 വരെ |
| | ഡോ.മറിയാമ്മ മാത്യൂ | 30.08.17 മുതൽ 28.02.18 വരെ |
| | ഡോ.നിതിൻ തോമസ് ടെറൻസ് | 01.03.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. മൊഹ്സിന റഷീദ് | 01.04.17മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബാബു ശാമുവേൽ | 01.04.17മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാജേന്ദ്രകുമാർ | 01.04.17മുതൽ 31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം -2 | |
| 13 | കട വാടക ഈടാക്കിയിട്ടില്ല | 2-1 |
| 14 | കെട്ടിട നികുതികുറച്ച് ഈടാക്കി | 2-2 |
| 15 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 2-3 |
| 16 | വൗച്ചർ പ്രകാരമുള്ളതിനേക്കാൾ അധികതുക ചെക്കുപ്രകാരം പിൻവലിച്ചു. | 2-4 |
| 17 | പാർക്കിംഗ് സൗകര്യം കെട്ടിയടച്ച കെട്ടിടത്തിനെതിരെ നടപടിയില്ല | 2-5 |
| 18 | വാടക വരവിന് ജി.എസ്.റ്റി ഈടാക്കിയില്ല | 2-6 |
| 19 | അപാകതകൾ ഉള്ള കെട്ടിടത്തിന് നമ്പർ നൽകി | 2-7 |
| | ഭാഗം -3 | |
| 20 | രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 21 | കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങി. നഷ്ടം - 30,995/- രൂപ | 3-2 |
| 22 | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് -വാങ്ങിയ മുഴുവൻ ലൈറ്റുകളും വിതരണം ചെയ്തില്ല,സ്റ്റോക്കിൽ നീക്കിയിരിപ്പില്ല | 3-3 |
| 23 | കസേര വാങ്ങൽ - പദ്ധതികളിൽ ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനത്തിന് വ്യത്യസ്ത നിരക്കിൽ തുക ചെലവഴിച്ചു. | 3-4 |
| 24 | വീട്ടു പണി -അഡ്വാൻസ് നൽകിയെങ്കിലും പണിപൂർത്തിയാക്കിയില്ല. | 3-5 |
| 25 | കൂടിയവിലയ്ക്കുള്ള ഫാൻ വാങ്ങി അധികചെലവുണ്ടാക്കി | 3-6 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 27 | മൾട്ടിമീഡിയ പ്രൊജക്ടർ -White Board നായി അധികം തുക ചെലവഴിച്ചു. | 3-8 |
| 28 | റിവോൾവിംഗ് ചെയർ ഉയർന്ന നിരക്കിൽ വാങ്ങി-നഷ്ടം 89,460/-രൂപ നിരാകരിക്കുന്നു. | 3-9 |
| 29 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-10 |
| 30 | മണ്ണാംകുഴി പണ്ടാല ഏലാ റോഡ്-കുഴിച്ചെടുത്ത മണ്ണിന്റെ വില ഈടാക്കിയിട്ടില്ല | 3-11 |

| | ഭാഗം -4 | |
|---|---|---|
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം-1, ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 42 | അനുബന്ധം-2 , അനുബന്ധപത്രികകൾ | 2 |


## ഭാഗം 1

### പൊതു അവലോകനം

**1-1** ബജറ്റ്

25.03.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

**1-2** വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 31.05.18 | - | - |

**1-3** വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28.06.18 | കെ.എസ്.എ.കെ.എൽ.എം. പി9/1232/18 തീയതി 28.06.18 |

**1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,16,23,396 |
| വരവ് | 8,07,32,359 |
| ആകെ | 11,23,55,755 |
| ചെലവ് | 9,91,06,006 |
| നീക്കിയിരിപ്പ് | 1,32,49,749 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 21910000 | 21910000 | 15111452 | 6798458 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7573372 | 7573372 | 4363033 | 3210339 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 32986 | 32986 | - | 32986 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8921000 | 8921000 | 7989845 | 931155 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5035000 | 5035000 | 5020161 | 14839 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10290699 | 10290699 | 10114489 | 176210 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 5786432 | 5786432 | 5305068 | 481364 |
| സാക്ഷരത | | 81861 | 3102 | 84963 | 0 | 84963 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 26711115 | 26711115 | 26711115 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 45031 | 697997 | 743028 | 736373 | 6655 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)സമ്പൂർണ്ണ ശുചിത്വം | | 126717 | 802633 | 929350 | 717220 | 212130 |
| എസ്.എസ്.എ. | | 6948 | 278 | 7226 | 0 | 7226 |
| ഐ.സി.ഡി.എസ് | | 1025956 | 752413 | 1778369 | 539326 | 1239043 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6597 | 713750 | 720347 | 701512 | 18835 |
| | ജില്ലാ പഞ്ചായത്ത് | 6597 | 813750 | 820347 | 813750 | 6597 |
| | മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | ---- | 2500000 | 2500000 | ---- | 2500000 |
| ബി ഫണ്ട് | | | 149400 | 149400 | 149400 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7917600 | 14510988 | 22428588 | 13781895 | 8646693 |
| | ട്രഷറി അക്കൗണ്ട് | 22406089 | 11884000 | 34290089 | 33762482 | 527607 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 10,73,43,024 | 202 | 5,61,96,048 | 4 | 82 | 70.13 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)വിളക്കുടി കൊപ്പാറ താഴതിൽ റോഡ് കോൺക്രീറ്റ് (പദ്ധതി നം. 70/2018)

2)അതുല്യം നാലാം തരം(പദ്ധതി നം.16/2018)

3)കാലിത്തൊഴുത്ത് നിർമ്മാണം(പദ്ധതി നം.253/2018)

4)കിടാരി വളർത്തൽ(പദ്ധതി നം.254/2018)

5)തേക്കുംമൂകൾ കോളനി സ്റ്റെപ്പ് നിർമ്മാണം വാർഡ് 16(പദ്ധതി നം.72/2018)

6)വിവധ അംഗൻവാടികളുടെ വയറിംഗ്(പദ്ധതി നം.10/2018)

7)പി എച്ച് സി മെയിന്റനൻസ്(പദ്ധതി നം.74/2018)

8)പട്ടികജാതി വിഭാഗത്തിന് ഓട്ടോറിക്ഷ നൽകൽ(പദ്ധതി നം.255/2018)

9)വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ(പദ്ധതി നം.12/2018)

10)ഉറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ(പദ്ധതി നം.248/2018)

11)കടശ്ശേരി വൃദ്ധസദനം വയറിംഗ്(പദ്ധതി നം.79/2018)

12)160-ാം നമ്പർ അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ(പദ്ധതി നം.7/2018)

13)152-ാം നമ്പർ അംഗൻവാടിയ്ക്ക് (11-ാം വാർഡ്) സ്ഥലം വാങ്ങൽ (പദ്ധതി നം.6/2018)

14)ബയോഗ്യാസ് പ്ലാന്റ് സബ്സിഡി(പദ്ധതി നം.249/2018)

15)ഗ്രാമപഞ്ചായത്ത് അതിർത്തികളിൽ അതിർത്തി ബോർഡ് സ്ഥാപിക്കൽ (പദ്ധതി നം.2/2018)

16)സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം നൽകൽ (പദ്ധതി നം.3/2018)

17)ഹരിതകേരളം മഴമറ നിർമ്മാണം(പദ്ധതി നം.57/2018)

18)ആർദ്രം പി.എച്ച്.സിയിലേയ്ക്ക് ജനറേറ്റർ(പദ്ധതി നം.165/2018)

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | ഏറ്റെടുത്ത പ്രവർത്തികൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 45 | 27 | 1,32,57,836 | 56,55,586 | 42 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 8 | 92,49,800 | 20,27,160 | 22 |
| അസി.എഞ്ചിനീയർ | 176 | 143 | 5,29,60,878 | 3,14,71,719 | 59 |
| കൃഷി ഓഫീസർ | 10 | 9 | 46,57,750 | 31,49,613 | 68 |
| വെറ്റിനറി സർജൻ | 10 | 6 | 67,55,000 | 21,62,175 | 32 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 6 | 4 | 14,18,060 | 12,22,521 | 86 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 2,00,000 | 2,00,000 | 100 |
| വി.ഇ.ഒ1 | 8 | 6 | 73,01,262 | 16,93,762 | 23 |
| വി.ഇ.ഒ2 | 2 | 2 | 4,30,000 | 2,30,000 | 53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 54,80,588 | 50,50,255 | 92 |
| എച്ച്.എം ഗവ.എൽ പി സ്കൂൾ | 7 | 1 | 13,11,850 | 9,00,000 | 69 |

സാമൂഹികമായി പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന ഒരുവിഭാഗത്തിന്റെ സമഗ്രവികസനത്തിന് മുഖ്യ പങ്ക് വഹിക്കേണ്ട അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതി ചെലവ് കേവലം 22 ശതമാനം മാത്രമാണ്. ഏറ്റെടുത്തതിൽ 50% പ്രോജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. ഈ വിഷയത്തിൽ ഈ മേഖലയിലെ പ്രശ്നങ്ങളും പ്രശ്ന സാധ്യതകളും കണ്ടെത്തി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടേയും വർക്കിംഗ് ഗ്രൂപ്പിന്റേയും ഇടപെടീലുകൾ ഉണ്ടാകേണ്ടതാണ്. ഉല്പാദനമേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകി പ്രോജക്ടുകൾ ഏറ്റെടുക്കാൻ ചുമതലപ്പെട്ട കൃഷിഓഫീസറുടേയും വെറ്റിനറി സർജന്റെയും പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിഓഫീസറുടെ ചെലവ് 68ശതമാനവും വെറ്റിനറി സർജന്റെ ചെലവ്

32 ശതമാനവും മാത്രമാണ്. വെറ്റിനറി സർജൻ ഏറ്റെടുത്ത പ്രോജക്ടുകൾ എല്ലാം നടപ്പാക്കിയിട്ടില്ല. സേവന മേഖലയിലെ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്ന വി.ഇ.ഒ(1)യുടെ ചെലവ് കേവലം 23% മാത്രമാണ്.

ഏറ്റെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിൽ പശ്ചാത്തലമേഖലയിൽ മുഖ്യ നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങളും പ്രശ്നസാധ്യതകളും കണ്ടെത്തി ആയവ പരിഹരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്. പ്രായോഗികമല്ലാത്തപദ്ധതികൾ ഒഴിവാക്കി പ്രദേശത്തിന്റെ ആവശ്യകതകൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 45,031 | 6,97,997 | 7,43,028 | 7,36,373 | 6,655 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ------ | 2,67,11,115 | 2,67,11,115 | 2,67,11,115 | ----- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,49,400 | 264 |
| കർഷകതൊഴിലാളി പെൻഷൻ | 40,53,200 | 363 |
| വിധവാപെൻഷൻ | 1,61,00,000 | 1564 |
| വാർദ്ധക്യകാലപെൻഷൻ | 2,34,90,500 | 2200 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 45,89,800 | 413 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | ഇല്ല | |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 3,71,100 | 37 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,500/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വരവുകളും സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. ചെലവ് വൗച്ചറുകൾ സാംഖ്യ സമ്പ്രദായപ്രകാരം അക്കൗണ്ട്ചെയ്ത് വൗച്ചർ നമ്പർ ക്രമത്തിൽ സൂക്ഷിച്ചുവരുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലല്ല നിർവ്വഹിച്ചിട്ടുള്ളത്. വാങ്ങലുകളിൽ ക്രമരഹിതമായ നടപടികൾ സ്വീകരിക്കുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തി മേണിട്ടറിംഗ് സമിതി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെസ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ കാലികമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.18 | നവംബർ 2018 | 20.12.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.03.16 | 2011-12 മുതൽ 2015-16 വരെ | 08.07.16 |

**1-12** <u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

*<u>ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രങ്ങളിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു.</u>*

1.B -9 ഷെഡ്യൂൾ പ്രകാരം ഡി & ഒ ലൈസൻസ് അഡ്വാൻസ് കളക്ഷൻ 13,400/-രൂപയാണ്. ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് കളക്ഷൻ തുക 19,900/-രൂപയാണ്. 6,500/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2.B-11 (a) ഷെഡ്യൂൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ 35,670/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2,35,670/-രൂപയാണ്. 2,00,000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3.ഷെഡ്യൂൾ ബി-12 ഇൻവെസ്റ്റ്മെന്റ്സ് ഇനത്തിൽ 1,000/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.മുൻവർഷത്തെ ബി-15 ഷെഡ്യൂൾ Receivables for Property tax on Residential Buildings (Arrear & Current) 98,47,880/- രൂപ ലഭിക്കാനുണ്ട്. തൻവർഷം ലഭിച്ച തുക 40,93,455/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ലഭിക്കാനുള്ള തുകയായി 20,38,482/-രൂപ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

5.RP -43 – Property tax on Non residential buidingx (current ) കളക്ഷൻ തുകയും സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6.Property Tax (Residential & Non – Residential )- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

7.I -18 ഷെഡ്യൂൾ prior period item ഇനത്തിൽ 33,75,718/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

8.കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെഞ്ചർ പ്രോജക്ട്സ് – ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വരവ് – ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

9. Contibution for joint venture Projects – ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, വരവ് – ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

10.ഓഡിറ്റ് റിക്കവറി – യഥാർത്ഥ കണക്ക് വാർഷികകണക്കിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കട വാടക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇളമ്പൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 9 -ാം നമ്പർ കടമുറി ശ്രീ.മാഹീൻ, അൽ അമീൻ മൻസിൽ, കാഞ്ഞിരമാല എന്നയാൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടിയാൻ നാളിതു വരെ വാടകയിനത്തിൽ അടവാക്കാനുള്ള 43,906/- രൂപ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | കാലയളവ് | മാസ വാടക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| 2015-16 | 04/15 മുതൽ 03/16 വരെ | 1,006 | 12,072 |
| 2016-17 | 04/16 മുതൽ 03/17 വരെ | 1,057 | 12,684 |
| 2017-18 | 04/17 മുതൽ 03/18 വരെ | 1,110 | 13,320 |
| 2018-18 | 04/18 മുതൽ 08/18വരെ | 1,166 | 5,830 |
| | ആകെ | 43,906/-(രൂപ) | |

12.02.19 ൽ ടിയാനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കാൻ റിക്വസിഷൻ നൽകിയിട്ടുണ്ട് ( റിക്വസിഷൻ നം.2019/535/02). റവന്യൂ റിക്കവറി നടപടിയുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 കെട്ടിടനികുതി കുറച്ച് ഈടാക്കി.

കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് 5,876/- രൂപ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്നമ്പർ – 10

കെട്ടിട നമ്പർ – 572

കെട്ടിടഉടമയുടെ പേര് – പ്രസിഡന്റ് , ഇളമ്പൽ സർവീസ് സഹകരണ ബാങ്ക്

തറവിസ്തീർണ്ണം – 255.5$m^2$

ഉപയോഗം – വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ ($80/m^2$)

എന്നാൽ ടി കെട്ടിടം 100 $m^2$ മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ ( $60/m^2$) എന്ന ഗണത്തിൽ ഉൾപ്പെടുത്തി ആണ് നികുതി അസ്സസ്സ് ചെയ്തിരിക്കുന്നത്.

| വിസ്തീർണ്ണം | ഈടാക്കേണ്ടിയിരുന്ന നികുതി (രൂപ) | ഈടാക്കിയ നികുതി (രൂപ) | കുറവ് വന്ന തുക (രൂപ) |
|---|---|---|---|
| $255.5m^2$ | 23,506 | 17,630 | 5,876 |

നികുതി നിർണ്ണയിച്ചപ്പോൾ ഉണ്ടായ പിഴവാണെന്നും ആയത് തിരുത്തി പുനർനിർണ്ണയം ചെയ്ത് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാനവസ്തു നികുതിയിലും ആയതിനനുസരിച്ചും വന്ന വ്യത്യാസം നികുതി പുനർനിർണ്ണയം ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. – 7/19.02.2019

## 2-3 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽനികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് ആക്ട് 3(2) മുതൽ (11) വരെ) പ്രകാരം ഗ്രാമപഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. എന്നാൽ

2017-18 സാമ്പത്തികവർഷം പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈകൊ സൂപ്പർ മാർക്കറ്റ്, കുന്നിക്കോട് | I & II |
| 2 | സാരഥി ഓട്ടോകാർസ്, ഇളമ്പൽ | I & II |
| 3 | സാരഥി മോട്ടോഴ്സ് ബജാജ്, ഇളമ്പൽ | I & II |
| 4 | ബി.എസ്.എൻ.എൽ വിളക്കുടി | I & II |
| 5 | മേരിറാണി പോപ്പുലർ നിധി ലിമിറ്റഡ് | I & II |

| | | |
|---|---|---|
| 6 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | I & II |

2) തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | APPMVHSS, ആവണീശ്വരം | II |
| 2 | സെന്റ് ഫ്രാൻസിസ് അസീസി സി.ബി.എസ്.സി സ്കൂൾ, കൊട്ടാരക്കര | II |
| 3 | കെ.എസ്.ഇ.ബി | I |
| 4 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതിയും തൊഴിൽനികുതിയും ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റന്വേഷണം നം.10/21.02.19

## 2-4 വൗച്ചർ പ്രകാരമുള്ളതിനേക്കാൾ അധികതുക ചെക്കുപ്രകാരം പിൻവലിച്ചു.

31.10.17 തീയതിയിലെ 21700793 നമ്പർ വൗച്ചർ പ്രകാരമുള്ള ചെലവ് 7,286/- രൂപയാണെങ്കിലും വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് നം.28431/31.10.17 പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത് 7,826/-രൂപയാണ്. 540/-രൂപ അധികം . ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി പിൻവലിച്ച 540/- രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റന്വേഷണം നം. -9/21.02.2019

## 2-5 പാർക്കിംഗ് സൗകര്യം കെട്ടിയടച്ച കെട്ടിടത്തിനെതിരെ നടപടിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നമ്പർ ഇട്ടതിനുശേഷം പാർക്കിംഗ് സൗകര്യം കെട്ടിയടച്ച് മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെങ്കിലും ആയതിനുമേൽ യാതൊരു തുടർനടപടിയും സ്വീകരിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) 12-ാം വാർഡിലെ 789 മുതൽ 794 വരെയുള്ള കെട്ടിടങ്ങളും 867,868 എന്നീകെട്ടിടങ്ങളും ശ്രീ.ഹരിഹരൻ, സൂര്യമംഗലത്ത് വീട്, ഇളമ്പൽ എന്ന വ്യക്തിയുടെതാണ്. പ്രസ്തുത കെട്ടിടത്തിന്റെ പ്രാദേശികപരിശോധനയിൽ ടി കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കെട്ടി അടച്ച് പാർപ്പിടാവശ്യത്തിനുള്ളതായി

മാറ്റിയതായി ബോധ്യപ്പെട്ടു. നിലവിൽ വാണിജ്യാവശ്യത്തിനുള്ള ടി കെട്ടിടത്തിന് പാർക്കിംഗ്സൗകര്യം ഇല്ല. ആയതിന് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയായി നമ്പർ നൽകിയതിനു ശേഷം ആണ് പാർക്കിംഗ് ഏരിയ കെട്ടിയടച്ചത് എന്നും ആയതിന് മേൽ തുടർനടപടി സ്വീകരിച്ച് വിവരമറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2) കെട്ടിടനമ്പർ XX 835,836

ഉടമ- ഷെഫീക്ക്, എസ്.എസ്.ഫർണീച്ചർ, കുന്നിക്കോട്

ഹാജരാക്കിയ പ്ലാൻപ്രകാരം താഴെപറയും പ്രകാരമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

താഴത്തെ നില -136$m^2$

ഒന്നാം നില -160 $m^2$

സ്റ്റയർറൂം - 17$m^2$

എന്നാൽ ടി കെട്ടിടത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ താഴത്തെ നിലയിൽ 24 $m^2$ പാർക്കിംഗിനായി പ്ലാനിൽ കാണിച്ചിരുന്നത് കെട്ടി അടച്ച് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. നിലവിൽ ടി കെട്ടിടത്തിന് പാർക്കിംഗ് സൗകര്യം ഇല്ല.

ടി കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് സൗകര്യം ഇല്ലാതെ നമ്പർ ഇട്ട് കൊടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിന് മേൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അറിയിക്കേണ്ടതാണ്.

പണി പൂർത്തീകരിച്ച മുഴവൻ കെട്ടിടത്തിനും നികുതി ഈടാക്കിയിട്ടില്ല

പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംനിലയിൽസ്റ്റെയർ റൂം മാത്രമാണ് പ്ലാനിൽകാണിച്ചിരുന്നത്. ആയതിനനുസരിച്ച് നികുതി ഈടാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ടി കെട്ടിടം രണ്ടാം നില മുഴവനും കെട്ടിയടച്ച് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. ആയത് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയത്തിൽ യാതൊരു തുടർ പരിശോധനയും നടത്താഞ്ഞതിനാൽ ഇത്തരം അപാകതകൾ ശ്രദ്ധയിൽ പെടാതിരിക്കുകയും തുടർനടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത്. തുടർ പരിശോധനയും നടത്തുകയും ആയതിന് മേൽ തുടർനടപടി സ്വീകരിക്കുകയും ചെയ്യേണ്ടത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാണ്.

ഓഡിറ്റ് എൻക്വയറി നം. 7/19.02.2019

**2-6** വാടക വരവിന് ജി.എസ്.റ്റി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടകയിനത്തിൽ 4,52,275/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ വാടകയുടെ ഒപ്പം 01.07.17 മുതൽ ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (18%നിരക്കിൽ) ഈടാക്കിയിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | പേര് | മാസ വാടക (രൂപ) | ഈടാക്കേണ്ട ജി.എസ്.റ്റി (രൂപ) |
|---|---|---|---|---|
| 1 | 6 | മുഹമ്മദ് അൻസാരി | 3,639 | 5,895 |
| 2 | 10 | താഹ | 3,308 | 5,359 |
| 3 | പഞ്ചായത്ത് ഓഫീസിന് സമീപമുള്ള വെയ്റ്റിംഗ് ഷെഡ് | ശശിധരൻ | 854 | 1,383 |
| 4 | 7 | ബാബു | 3,308 | 5,359 |
| 5 | 5ASC | മുഹമ്മദ് കുഞ്ഞ് | 1,313 | 2,127 |
| 6 | റേഡിയോ കിയോസ്ക്, കരയറ | ഷെരീഫ് | 200 | 324 |
| 7 | 9ASC | ഷംസുദ്ദീൻ | 271 | 439 |
| 8 | 1,2 ASC | കുഞ്ഞുമോൻ | 3,573 | 5,788 |
| 9 | 8ASC | കുഞ്ഞുമോൻ | 332 | 538 |
| 10 | 1EM | ഗോപാലകൃഷ്ണൻ | 1,276 | 2,067 |
| 11 | 6ASC | പോസ്റ്റ് മിസ്ട്രസ് | 144 | 233 |
| 12 | 12EM | രാജേഷ്കുമാർ | 828 | 1,341 |
| 13 | 13EM | ജോസ് | 828 | 1,341 |
| 14 | 6EM | മൊയ്തീൻകുഞ്ഞ് | 940 | 1,523 |
| 15 | 8 | അബ്ദുൾസലാം | 2,923 | 4,735 |
| 16 | 3ASC | സുഗതൻ | 5,880 | 9,526 |
| 17 | 10ASC | സെക്രട്ടറി, ASCB | 2,332 | 3,778 |
| 18 | 7EM | തുളസീധരൻപിള്ള | 301 | 488 |

| | | | | |
|---|---|---|---|---|
| 19 | 3EM | ബാബു | 671 | 1,087 |
| 20 | 11EM | തങ്കമ്മ | 327 | 530 |
| 21 | 7ASC | അബ്രഹാം | 332 | 538 |
| 22 | 5EM | സനിൽ | 445 | 721 |
| 23 | 8EM | രാജൻ | 309 | 501 |
| 24 | സ്റ്റെയർ റൂം | ഷാജഹാൻ | 234 | 379 |
| 25 | 4EM | മോളി | 431 | 698 |
| 26 | 4ASC | ദേവരാജൻ | 1,706 | 2,764 |
| 27 | 2EM | ബിജുകുമാർ | 473 | 766 |
| 28 | 15EM | രാജൻ | 512 | 829 |
| ആകെ | | | 37,690 | 61,057 |

വാടകക്കാരുമായി ജി.എസ്.റ്റിയുമായി ബന്ധപ്പെട്ട് അനുബന്ധക്കരാറിൽ ഏർപ്പെട്ട് ജി.എസ്.റ്റി ഈടാക്കി ഒടുക്ക്വരുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റന്വേഷണം നം.5/19.02.19

## 2-7 അപാകതകൾ ഉള്ള കെട്ടിടത്തിന് നമ്പർ നൽകി

കെട്ടിടനികുതി നിർണ്ണയത്തിന്റെ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ- 17, കെട്ടിടനമ്പർ--- 739,740,741

ഉടമസ്ഥന്റെ പേര് വിവരം--ജിജി തോമസ്, മുല്ലയ്ക്കൽ വില്ല,ശാസ്ത്രീജംഗ്ഷൻ

ടി കെട്ടിടത്തിന് 8/12/2016 തീയതിയിലെ A5/8453/15 നമ്പരായി പെർമിറ്റ് നൽകിയപ്പോൾ താഴെ പറയുന്ന അപാകതകൾ

നമ്പർ അനുവദിക്കുന്നതിനു മുൻപായി പരിഹരിക്കണമെന്നാവശ്യപ്പെട്ട കത്തു നൽകിയിരിക്കുന്നു.

1) റിയർ സൈഡ് 0.60 മീറ്റർ മിനിമം ഉണ്ട്. ഈ ഭാഗത്ത് നിലവിലുള്ള കെട്ടിടത്തിന്റെ സ്റ്റെപ്പ് കാണുന്നുണ്ട്. ആയത് ഒഴിവാക്കാനും നിലവിലുള്ള കെട്ടിടത്തിന്റെ ഭിത്തിയിൽ നിന്നും പുതിയ കെട്ടിടത്തിന്റെ പുറംഭിത്തിയിലേക്കുള്ള ദൂരം 2 മീറ്ററിൽ കുറയാൻ പാടില്ല എന്നും,

2) റിയർ സൈഡ് യാർഡിൽ 1.5 മീറ്റർ തുറസ്സായ സ്ഥലം ആയതുമാണ്. എന്നാൽ തുടക്കത്തിൽ 1.30 മീറ്റർ മാത്രമേ ലഭ്യമാകുന്നുള്ളൂ. പിറകിലേക്ക് 1.5 മീറ്ററിൽ കൂടുതൽ ലഭ്യമാകുന്നുണ്ട്. റൂൾ 58 (2) പ്രകാരം 1.5 മീറ്റർ കുറയുവാൻ പാടില്ല.

3)പാസ്സേജ് വേ 1 മീറ്റർ വേണ്ടിടത്ത് 75 സെ.മീ മാത്രമേ ലഭ്യമായുള്ളൂ.

എന്നാൽ ഓഡിറ്റ് സമയത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ ടി കെട്ടിടത്തിന്റെ അപാകതകൾ ഒന്നും നാളിതു വരെ പരിഹരിച്ചതായി കാണുന്നില്ല. പെർമിറ്റ് നൽകിയ വേളയിലുള്ള അപാകതകൾ നിലനിൽക്കേ ആയത് പരിഹരിക്കാതെ എല്ലാം പരിഹരിച്ച എന്ന് ഫയലിൽ രേഖപ്പെടുത്തി നമ്പർ ഇട്ടു കൊടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ നടപടികൾ സ്വീകരിക്കാതെ നമ്പർ ഇട്ടു നൽകിയതിനെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -12/23.02.2019

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം വിവിധ വൗച്ചറുകൾ പ്രകാരം ചെലവുചെയ്ത തുകയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവു തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ഇനം | തുക (രൂപ) |
|---|---|---|---|
| 1 | 21700387/ 19.08.17 | കർഷകദിനാചരണം | 10,000 |
| 2 | 21700569/ 25.10.17 | ലൈഫ് പദ്ധതി ഡാറ്റാകളക്ഷൻ | 2,000 |
| 3 | 2170079/ 02.05.17 | ഗ്രീഷ്മോത്സവം ചക്ക-മാങ്ങ-തേങ്ങ | 10,000 |
| ആകെ | | | 22,000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വൗച്ചറുകൾ ആദ്യമറുപടിയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കി 22,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവുനടന്നിട്ടില്ലെന്ന് കണക്കാക്കി ചെലവുതുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഓഡിറ്റന്വേഷണം നം. 4/19.02.19, 8/21.02.19

**3-2** <u>കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങി. നഷ്ടം **- 30,995/-** രൂപ</u>

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു.

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പദ്ധതി,നം | 1)പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ (9/18) | 2)ജി.ഡബ്ല്യൂ.എൽ.പി. എസിന് ബേബി ഫ്രണ്ട്ലി കസേരയും ടേബിളും (175/18) |
| അടങ്കൽ തുക | 2,00,000/-(തനത് ഫണ്ട്) | 70,000/-(റോഡിതരം) |
| ചെലവ് തുക | 1,50,720/- (ചെക്ക്നം.1982777/27.03.18) | 37,125/- (ബിൽ നം. 34/17-18/9.12.17) |

<u>1.പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ</u>

ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനോട് കൂടി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ എസ്.ആർ.എസ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ ഷെഡ്യൂളിൽ യാതൊരു സ്പെസിഫിക്കേഷനും രേഖപ്പെടുത്താതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഷാൻ ഷാനി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങി.

എസ്.ആർ.എസ് അസോസിയേറ്റ്സ് ക്വാട്ട് ചെയ്ത നിരക്ക്

(ACER Desktop,4GB DDR4,1TB HDD,5Year Warranty)=34,000/-രൂപ

ഷാൻ ഷാനി എന്റർപ്രൈസസ് ക്വാട്ട് ചെയ്ത നിരക്ക്

(സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല)=37,680/-രൂപ

നിരക്കിലുള്ള വ്യത്യാസം=37680-34000=3,680/-രൂപ

വാങ്ങിയ കമ്പ്യൂട്ടറുകളുടെ എണ്ണം=4

കൂടിയ നിരക്കിൽ വാങ്ങിയതുമൂലമുള്ള നഷ്ടം=4x3680=14,720/-രൂപ

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ടി സ്ഥാപനം ഇ.എം.ഡി ഒടുക്കുവരുത്താത്തതിനാലാണ് ടി സ്ഥാപനത്തെ

ഒഴിവാക്കിയത് എന്നാണ്.എന്നാൽ 8.12.17 ലെ ജനറൽ മാനേജർ,ജില്ലാ വ്യവസായ വികസന ഓഫീസിന്റെ കത്ത് പ്രകാരം ജി.ഒ.(പി) നം.7/2014 SPD തീയതി 28.08.2014 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനം ഇ.എം.ഡിയിൽ നിന്ന് ഒഴിവാക്കുന്നതിന് എലിജിബിൾ ആണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നില്ല.

2.ജി.ഡബ്ല്യൂ.എൽ.പി.എസിന് ബേബി ഫ്രണ്ട്ലി കസേരയും ടേബിളും

ടി പദ്ധതിയിൽ ബേബി ഫ്രണ്ട്‌ലി കസേരയ്ക്കും ടേബിളിനും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഡി.എൻ സ്റ്റീൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ബേബി ഫ്രണ്ട്ലി കസേരയും ടേബിളുകളും വാങ്ങി.

ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ബേബി ഫ്രണ്ട്‌ലി കസേരകൾക്കും ടേബിളുകൾക്കും ക്വാട്ട് ചെയ്ത നിരക്ക്=1,390/-രൂപ

ഡി.എൻ സ്റ്റീൽസ് ക്വാട്ട് ചെയ്ത നിരക്ക്=2,475/-രൂപ

നിരക്കിലുള്ള വ്യത്യാസം=2475-1390=1,085/-രൂപ

വാങ്ങിയ ടേബിളിന്റേയും കസേരകളുടെ എണ്ണം=15

കൂടിയ നിരക്കിൽ വാങ്ങിയതുമൂലമുള്ള നഷ്ടം=15x1085=16,275/-രൂപ

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ടെണ്ടർ നടപടികളിൽ ബേബി ഫ്രണ്ട്‌ലി കസേരയും ടേബിളും ഏത് തരത്തിലുള്ളതാണെന്ന് സൂചിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരവും,പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരവുമാണ് ഡി.എൻ സ്റ്റീൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ബേബി ഫ്രണ്ട്‌ലി കസേരയും ടേബിളുകളും വാങ്ങിയത് എന്നാണ്.ടെണ്ടർ നടപടികളിൽ ഇനങ്ങളുടെ തരം വ്യക്തമാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കൂടിയ നിരക്കിലുള്ള ഇനങ്ങൾ വാങ്ങിയതിന് കാരണം വിശദമാക്കുന്ന യാതൊരു റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല

മേൽ പരാമർശിച്ചിട്ടുള്ള കാരണങ്ങളാൽ രണ്ട് പദ്ധതികളിലും കൂടി ആകെ സംഭവിച്ച നഷ്ടം 30,995/-(14,720+16,275)ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്ക വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക-30,995/-രൂപ

ഓഡിറ്റ് എൻക്വയറി നം-3/19.02.19

## 3-3 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് -വാങ്ങിയ മുഴവൻ ലൈറ്റുകളും വിതരണം

<u>ചെയ്തില്ല,സ്റ്റോക്കിൽ നീക്കിയിരിപ്പില്ല</u>

എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് -വാങ്ങിയ മുഴുവൻ ലൈറ്റുകളും വിതരണം ചെയ്തില്ല, സ്റ്റോക്കിൽ നീക്കിയിരിപ്പില്ല

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പദ്ധതി,നം | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ (233/18) |
| അടങ്കൽ തുക | 9,00,000/-രൂപ (CFC ഗ്രാന്റ്) |
| ചെലവ് തുക | 2,75,520/- (49/17-18/27.3.18) |

ടി പദ്ധതി പ്രകാരം കൊച്ചുമേലതിൽ ഏജൻസീസിൽ നിന്നും 91.84/- രൂപ നിരക്കിൽ 3000 എൽ.ഇ.ഡി ബൾബുകൾ വാങ്ങിയിട്ടുണ്ട്.വിതരണ രേഖകൾ പരിശോധിച്ചതിൽ 20 വാർഡുകളിലായി ആകെ 2550 ബൾബുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിതരണ രജിസ്റ്റർ പ്രകാരം ഈ ഇനം നീക്കിയിരിപ്പുള്ളതായി കാണുന്നില്ല. വിതരണ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | വിതരണം ചെയ്ത ബൾബുകളുടെ എണ്ണം |
|---|---|
| I | 75 |
| II | 150 |
| III | 150 |
| IV | 75 |
| V | 75 |
| VI | - |
| VII | 150 |
| VIII | 150 |
| IX | 150 |
| X | 150 |
| XI | 150 |
| XII | 150 |
| XIII | 150 |
| XIV | 150 |
| XV | 75 |
| XVI | 150 |
| XVII | 150 |
| XVIII | 150 |
| XIX | 150 |
| X | 150 |
| ആകെ | 2550 |

മുഴവൻ തുകയും ചെലവഴിച്ചിട്ടും മുഴവൻ സാധനങ്ങളും ഉപയോഗിക്കാതിരിക്കുകയും സ്റ്റോക്കിൽ നീക്കിയിരിപ്പ് ഇല്ലാതിരിക്കുന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് എൽ.ഇ.ഡി ബൾബുകൾ എല്ലാം വിതരണം ചെയ്തുവെന്നും ആയതിന്റെ വിതരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നുമാണ്.അതിനാൽ വിതരണ സാക്ഷ്യപത്രം ഹാജരാക്കാത്തതും സ്റ്റോക്കിൽ നീക്കിയിരിപ്പില്ലാത്തതുമായ 450 എൽ.ഇ.ഡി ബൾബുകൾക്കായി ചെലവഴിച്ച 41,328/- (450 x 91.84)രൂപ തടസ്സപ്പെടുത്തുന്നു. വിതരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-41,328/-രൂപ

ഓഡിറ്റ് എൻക്വയറി നം-3/19.02.19

**3-4** <u>കസേര വാങ്ങൽ - പദ്ധതികളിൽ ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനത്തിന് വ്യത്യസ്ത നിരക്കിൽ തുക ചെലവഴിച്ചു.</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കസേര വാങ്ങുന്നതിനായി 3 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ഒരേ സ്പെസിഫിക്കേഷനിലുള്ള Nilkamal 7021 കസേരയ്ക്കായി വ്യത്യസ്ത നിരക്കിൽ തുക ചെലവഴിക്കുകയും ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | ഫ്രണ്ട് ഓഫീസിലേയ്ക്ക് കസേര വാങ്ങൽ (281/18) |
| അടങ്കൽ തുക | 1,20,000/- രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 48,500/-രൂപ (ചെക്ക് നം.1982778/ 27.03.2018) |

ഫ്രണ്ട് ഓഫീസിലേയ്ക്ക് കസേര വാങ്ങുന്നതിനായി (Nilkamal 7021)ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ DN Steels എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 100 കസേരകൾ 485/- രൂപ നിരക്കിൽ വാങ്ങുകയും ചെയ്തു. എന്നാൽ മറ്റ് പദ്ധതികളായ വിവിധ സ്കൂളുകൾക്ക് കസേര(183/18), മൃഗാശുപത്രി കോൺഫറൻസ് ഹാളിലേയ്ക്ക് കസേര (236/18) എന്നിവയിൽ ഇതേ സ്ഥാപനത്തിൽ നിന്നും ഇതേ സ്പെസിഫിക്കേഷനോട് കൂടി കസേര 418/-രൂപ നിരക്കിലാണ് സെക്രട്ടറി തന്നെ നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങൽ നടത്തിയിട്ടുള്ളത് . ഇപ്രകാരം ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനത്തിന് വ്യത്യസ്ത നിരക്കിൽ തുക ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഫ്രണ്ട് ഓഫീസിലേയ്ക്കുള്ള കസേരകൾ സാമ്പത്തിക വർഷാവസാനമാണ് പർച്ചേസ് നടത്തിയിട്ടുള്ളതെന്നും ബാക്കിയുള്ളവ വർഷാരംഭത്തിലാണ് വാങ്ങിയതെന്നും ആയതിനാൽ പൊതു മാർക്കറ്റിലുണ്ടായ വില വർദ്ധനവാണ് വില വ്യത്യാസത്തിന് കാരണമായത് എന്നാണ്.

എന്നാൽ ഈ മറുപടി വസ്തുതാ വിരുദ്ധമാണ്. വിവിധ സ്കൂളുകൾക്ക് കസേര (183/18)പദ്ധതിയിൽ കസേരകൾ വാങ്ങിയിട്ടുള്ളത് 12.2.18 തീയതിയിലും, മൃഗാശുപത്രി കോൺഫറൻസ് ഹാളിലേയ്ക്ക് കസേര (236/18)-കസേരകൾ

വാങ്ങിയിട്ടുള്ളത് ഇൻവോയ്സ് നം.101/8.2.18 പ്രകാരവുമാണ്. സർക്കാർ ഉത്തരവ് ജി.ഒ(പി)നം.254/2010/തസ്വഭവ.തീയതി-08.11.10-ലെ പ്രൊക്യൂർമെന്റ് പ്ലാൻസ് പ്രകാരം ഓഫീസ് ഉപകരണങ്ങൾ, ഫർണ്ണീച്ചറുകൾ എന്നിവ വാർഷികആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശവും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. വാങ്ങലുകൾ പർച്ചേസ് കമ്മറ്റിയുടെ നിയന്ത്രണത്തിലല്ല വാങ്ങിയിട്ടുള്ളത് എന്ന് ബോധ്യമാകുന്നു.

ഓഫീസ് ഉപകരണങ്ങളും ഫർണീച്ചറുകളും ആവശ്യകതയനുസരിച്ച് ഒറ്റ പദ്ധതിയിലുൾപ്പെടുത്തി നടപടിക്രമങ്ങൾ പാലിച്ച് ഒരുമിച്ച് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം-3/19.02.19

## 3-5 <u>വീട്ടു പണി -അഡ്വാൻസ് നൽകിയെങ്കിലും പണിപൂർത്തിയാക്കിയില്ല.</u>

വി.ഇ.ഒ. നിർവഹണം നടത്തിയപ്രോജക്ടുകളിൽ താഴെ പറയുന്ന വ്യക്തികൾ വീടുനിർമ്മാണത്തിനായി തുക അഡ്വാൻസായി കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ – 88/18, 245/18

അടങ്കൽ – 12,60,000/-രൂപ (തനതുഫണ്ട്, 245/18)

– 16,69,400/-രൂപ (എസ്.സി.പി 88/18)

| പ്രോജക്ട് നമ്പർ | ഗുണഭോക്താവ് | വാർഡ് | അഡ്വാൻസ് കൈപ്പറ്റിയ തുക (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|
| 88/18 | ജിജി<br>ജിജിമന്ദിരം | 6 | 20,000 | 3/22-2-18 |
| 88/18 | കൊച്ചുചെറുക്കൻ ,<br>കടുവാങ്കോട്ടു വീട് | 19 | 20,000 | 3/22-2-18 |
| 88/18 | ജയപ്രകാശ്,<br>തുണ്ടുവിള വീട് | 14 | 20,000 | 6/24-3-18 |
| 88/18 | ഗീത,<br>മധുരംചേരിയിൽ | 9 | 20,000. | 6/24-3-18 |

| | | | | |
|---|---|---|---|---|
| 88/18 | ലളിത<br>തുണ്ടുവിള | 9 | 20,000 | 4/19-3-18 |
| 245/18 | ജോൺഫിലിപ്പ് ,<br>കുരിക്കോട്ട് വീട് | 3 | 10,000 | 5/24-3-18 |
| 245/18 | റോസമ്മ,<br>ചരുവിള വീട് | 7 | 10,000 | 1/22-1-18 |

ടി ഗുണഭോക്താക്കളെ കൊണ്ട് വീട്ടു പണി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-6 കൂടിയവിലയ്ക്കുള്ള ഫാൻ വാങ്ങി അധികചെലവുണ്ടാക്കി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | വിവിധ സ്കൂളുകൾ,<br>പി.എച്ച്.സി എന്നിവിടങ്ങളിലേയ്ക്ക് ഫാൻ<br>(184/18) |
| അടങ്കൽ തുക | 40,000/(റോഡിതരം) |
| ചെലവ് തുക | 33,500/-<br>(30/17-18/12.02.18) |

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിനോടൊപ്പം ഫാനിന്റെ തരം, ബ്രാന്റ് എന്നിവ വ്യക്തമാക്കിയിരുന്നില്ല. Branded Fan എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വിവിധയിനം Branded ഫാനുകൾ ക്വാട്ട് ചെയ്തെങ്കിലും ആയതൊന്നും പരിഗണിക്കാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഇനം വാങ്ങി. വിവിധ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ തമ്പുരാൻ കാലയിൽ 1,490/-രൂപ നിരക്കിലുള്ള Crompton Fan ക്വാട്ട് ചെയ്തെങ്കിലും ആയത് പരിഗണിക്കാതെ 1,675/-രൂപ നിരക്കിലുള്ള V-guard Fanകൾ 20 എണ്ണം ഡി.എൻ സ്റ്റീൽസ് എന്ന സ്ഥാപനത്തിൽ നിന്ന് കൂടിയ നിരക്കിൽ വാങ്ങുകയുണ്ടായി. രണ്ടും Branded Fanകൾ ആണെന്നിരിക്കെ മതിയായ കാരണങ്ങൾ ഇല്ലാതെ ഉയർന്ന നിരക്കിൽ Fan വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പർച്ചേസ് ചെയ്ത V-guard Fan ന് ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെയാണ് 1,675/- രൂപ ക്വാട്ട് ചെയ്തിട്ടുള്ളത് എന്നാണ്. ക്വട്ടേഷൻ ക്ഷണിച്ചതിൽ ഫിറ്റിംഗ് ചാർജ്ജുൾപ്പടെ എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ എല്ലാ

സ്ഥാപനങ്ങളും ഫിറ്റിംഗ് ചാർജ്ജുൾപ്പടെയുള്ള തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികച്ചെലവ് നിരാകരിക്കുന്നു.

അധികം നൽകിയ തുക –

20 Crompton Fan ന്റെ വില – 20 x1490 = 29,800

വാങ്ങിയ 20 V-guard Fan ന്റെ വില – 20 x 1,675 = 33,500

വ്യത്യാസം – 33,500 – 29,800 = 3,700

ഈയിനത്തിൽ 3,700/- രൂപ അധികം ചെലവഴിച്ചത് നിർവഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക-3,700/-രൂപ

ഓഡിറ്റ് എൻക്വയറി നം.3/19.2.18

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോദ്യോഗസ്ഥർ | പദ്ധതി , നം | അടങ്കൽ തുക (രൂപ) | ചെലവ് തുക (രൂപ) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | IKM ന് വിഹിതം നൽകൽ (17/18) | 1,00,000/- (വികസന ഫണ്ട്) | 100000/- | 2/17-18/ 31.7.18 | ഇൻഫർമേഷൻ കേരള മിഷന് നൽകി. |
| 2. | സെക്രട്ടറി | ഭിന്നശേഷിക്കാർക്ക് ട്രൈസൈക്കിൾ-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (279/18) | 1,00,000/- (വികസന ഫണ്ട്) | 1,00,000/- | 42/17-18 /12.3.18 | കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി |
| 3. | വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലന പദ്ധതി (223/18) | 9,50,000/- (വികസന ഫണ്ട്) | 9,50,000/- | 3/17-18 /8.11.17& 17/17-18 /20.2.18 | ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം |
| 4. | ഹെഡ്മാസ്റ്റർ | എസ്.എസ്.എ വിഹിതം നൽകൽ | 9,00,000/- (വികസന | 9,00,000/- | 2/17-18 /29.7.17 | എസ്.എസ്.എ പ്രോജക്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | (30/18) | ഫണ്ട്) | | | ഓഫീസർക്ക് നൽകി |
| | | | ആകെ | 20,50,000/- | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-8 മൾട്ടിമീഡിയ പ്രൊജക്റ്റർ -White Board നായി അധികം തുക ചെലവഴിച്ചു.

ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് മൾട്ടിമീഡിയ പ്രൊജക്റ്റർ, ഹാൻഡികാം, ടോക്കൺ മെഷീൻ വാങ്ങൽ പദ്ധതിയിൽ White Board നായി അധികം തുക ചെലവഴിച്ചു. White Board നോടൊപ്പം വാങ്ങിയിട്ടുള്ള Face Plate With VGA & HDMI സ്ഥാപനം വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് മൾട്ടിമീഡിയ പ്രൊജക്ടർ, ഹാൻഡികാം, ടോക്കൺ മെഷീൺ (237/18) |
| അടങ്കൽ തുക | 4,00,000/-രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 3,41,720/-രൂപ<br>(ചെക്ക് നം.1982778/27.3.18) |

ടി പദ്ധതിയിൽ White Board വാങ്ങുന്നതിനായി സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ ക്ഷണിക്കുകയും രണ്ട് സ്ഥാപനങ്ങൾ വ്യത്യസ്ത രീതിയിൽ ടെണ്ടർ സമർപ്പിക്കുകയും അതിൽ കൂടിയ നിരക്കിലുള്ള ഇനം വാങ്ങുകയും ചെയ്തു.

വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇനം | റിമാർക്സ് |
|---|---|---|
| കെ.എം.ടെക്നോളജീസ് ക്വാട്ട് ചെയ്തത് | White Board M/W BF 90”-10000<br>Face Plate With VGA & HDMI-8000/- | വാങ്ങൽ നടത്തി |
| ആർ.ജെ എന്റർപ്രൈസസ് ക്വാട്ട് ചെയ്തത് | Ceramic White Board 6x4 -8500/- | ഒഴിവാക്കി |

ആർ.ജെ എന്റർപ്രൈസസിനെ ഒഴിവാക്കി കെ.എം.ടെക്നോളജീസ് ക്വാട്ട് ചെയ്ത ഉയർന്ന നിരക്കിലുള്ള ഇനം വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടിയ നിരക്കിലുള്ള White Board വാങ്ങിയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. കൂടാതെ സ്റ്റോക്ക് പരിശോധിച്ചതിൽ White Board നോടൊപ്പം വാങ്ങിയിട്ടുള്ള Face Plate With VGA & HDMI സ്ഥാപനം വിതരണം ചെയ്തിട്ടില്ല. ആയതിനാൽ White Board നായി അധികം ചെലവഴിച്ച 1,500/-രൂപ (10,000-8,500)രൂപയും വിതരണം ചെയ്യാത്ത ഇനമായ Face Plate With VGA & HDMI നായി ചെലവഴിച്ച 8,000 രൂപയുടേയും ചെലവുകൾ അംഗീകരിക്കുന്നില്ല. 9,500/- രൂപ (1,500+8,000=9,500) നിർവഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക-9,500/-രൂപ

ഓഡിറ്റ് എൻക്വയറി നം.3/19.2.18

## 3-9 റിവോൾവിംഗ് ചെയർ ഉയർന്ന നിരക്കിൽ വാങ്ങി-നഷ്ടം 89,460/-രൂപ നിരാകരിക്കുന്നു.

പഞ്ചായത്ത് ഓഫീസിലേയ്ക്ക് റിവോൾവിംഗ് ചെയർ ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | പഞ്ചായത്ത് ഓഫീസിലേയ്ക്ക് റിവോൾവിംഗ് ചെയർ<br>(277/18) |
| അടങ്കൽ തുക | 1,50,000/(തനത് ഫണ്ട്) |
| ചെലവ് തുക | 1,43,280/-രൂപ<br>(ചെക്ക് നം.1982782/28.3.18) |

ടി പദ്ധതിയിൽ ടെണ്ടർ ഷെഡ്യൂൾ പ്രകാരം റിവോൾവിംഗ് ചെയർ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിരുന്നത് "High Back Revolving Chair Cushioned seat &back with push back tilt mechanism,twin wheel Nylon castors,Nylon star base,PP arms with soft PU pads".

ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഇനങ്ങൾ വിവിധ സ്ഥാപനങ്ങൾ വിവിധ നിരക്കുകളിലായാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. പ്ലാസ എന്റർ പ്രൈസസ് തന്നെ "High Back Revolving Chair Cushioned seat &back with push back tilt mechanism,twin wheel Nylon castors,Nylon star base,PP arms with soft PU pads"വിവിധ നിരക്കിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിരക്കുകൾ |
|---|---|
| തമ്പുരാൻ കാലയിൽ | 3890<br>3999 |
| കിക്കോ | 7490<br>4200 |
| പ്ലാസ എന്റർ പ്രൈസസ് | 9900<br>2990 |

| | |
|---|---|
| | 6990<br>4990 |

പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്ക് 2,990/- രൂപയാണ്. എന്നാൽ പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്ത വിവിധനിരക്കുകളിൽ ഏറ്റവും കൂടിയ നിരക്കിലുള്ള ഇനങ്ങളാണ് വാങ്ങിയിട്ടുള്ളത്. അത് മറ്റേതൊരു സ്ഥാപനം ക്വോട്ട് ചെയ്തതിനേക്കാൾ വളരെ കൂടിയ നിരക്കുമാണ്. വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

9900 നിരക്കിലുള്ള 6 ചെയറുകൾ=6x9900=59,400/-രൂപ

6990 നിരക്കിലുള്ള 12 ചെയറുകൾ=12x6990=83,880/-രൂപ

ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഇനങ്ങളിൽ കുറഞ്ഞ നിരക്കിലുള്ളവ ഒഴിവാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ റിവോൾവിംഗ് ചെയർ വാങ്ങുന്നതിനായി അധികം തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2,990/- രൂപ നിരക്കിൽ വാങ്ങിയിരുന്നുവെങ്കിൽ 18 റിവോൾവിംഗ് ചെയറിന്റെ വില =
18 x2,990 =53,820/-രൂപ
18 റിവോൾവിംഗ് ചെയർ വാങ്ങിയതിന് ചെലവഴിച്ചതുക=1,43,280/-രൂപ
(59,400+83,880)
അധികം ചെലവഴിച്ച തുക=1,43,280-53,820=89,460/-രൂപ

പർച്ചേസ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

ടി തുക നിർവഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
നിരാകരിച്ച തുക-89,460/-രൂപ
ഓഡിറ്റ് എൻക്വയറി നം.3/19.2.18

## 3-10 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ചെലവ്തുക (രൂപ) | ബിൽനം, തീയതി | ലഭിക്കു വാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | സാന്ത്വനപരിചരണ പരിപാടി (നം.59/18) | 6,50,000 (വികസന ഫണ്ട്) | 522600 | 1,50,000/- 9/17-18 /30.1.18 | 9,656/- |
| | | | | ആകെ | 9,656/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-11 മണ്ണാംകുഴി പണ്ടാല ഏലാ റോഡ്-കുഴിച്ചെടുത്ത മണ്ണിന്റെ വില ഈടാക്കിയിട്ടില്ല

1)മണ്ണാംകുഴി പണ്ടാല ഏലാ റോഡ്

പ്രോജക്ട്- നം-80/17-18

ഫണ്ടിനം – മെയിന്റനൻസ് ഫണ്ട് (റോഡ്) – 2,00,000/-രൂപ

എം.ബുക്ക്-80/17-18

കൺവീനർ-ശ്രീ.സുരേഷ്കുമാർ

ചെലവ് തുക-1,94,747/-രൂപ (ബിൽ നം-23/9.8.2017)

എഗ്രിമെന്റ് നം-93/എ.ഇ/എൽ.എസ്.ജി.ഡി/വി.പി/16-17/27.3.17

1)മേൽ പ്രോജക്ടിലെ ഇനം 1 പ്രകാരം റോഡ് നിർമ്മാണത്തിനുവേണ്ടി 270 $m^3$ മണ്ണ് കുഴിച്ചെടുത്തതിന് 214.72/- രൂപ നിരക്കിൽ തുക നൽകി. മേൽ പ്രകാരം കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്ത് നൽകിയതായും കാണുന്നില്ല. എം ബുക്കിൽ ഇതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല. മാത്രമല്ല മേൽ പ്രകാരം മണ്ണ് കുഴിച്ചെടുത്തെങ്കിലും ടി സ്ഥലത്ത് റോഡ് നിർമ്മാണം നടത്തിയിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി. ആയതിനാൽ 270 $m^3$ മണ്ണിന്റെ വില (D.A.R. –code: 0979 പ്രകാരം എം.$^3$ -ന് 30/- രൂപ റോയൽറ്റി +cost index 51.96 % =8100+4208) ഡി.എ.ആർ പ്രകാരം 12,308/- രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു. ടി തുക ബന്ധപ്പെട്ട കൺവീനറിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

സ്ഥലപരിശോധനാ തീയതി -21.2.2019

എൻക്വയറി നം. – 11 – 21/02/2019

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 63,750 | സമഗ്ര നെൽകൃഷി വികസനം | 63,750 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 63,750 | സമഗ്ര നെൽകൃഷി വികസനം | 63,750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | അനുപൂരക പോഷകാഹാരം | 2,00,000 | 1,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | അനുപൂരക പോഷകാഹാരം | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,50,000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,12,762 | 37,238 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,50,000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,49,000 | 1,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,00,000 | കാര്യറ 6-ാം വാർഡിൽ അംഗൻവാടി നിർമ്മാണം | 0 | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |

**4-2** <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഇല്ല

**4-3** <u>മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ</u>

ഇല്ല.

**4-4** <u>വായ്പ / വായ്പാതിരിച്ചടവ്</u>

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 316/2010/ ത.സ്വ.ഭ.വ 28.01.2010 | 1,58,00,000 | 11,13,944 | 11,13,944 | | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കേറ്റ് | 1,000/- |
| ആകെ | 1,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,46,554/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-3 | 1,250 | ഇളമ്പൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 117010101543/11.7.17 |
| | | 2,500 | PNRM പബ്ലിക് സ്കൂൾ | 117010101538/11.7.17 |

| | | | | |
|---|---|---|---|---|
| | | 2,500 | St.Benedict E M സ്കൂൾ | 117010102389/29.8.17 |
| | 2-5 | 3,001 | സുമതിക്കുട്ടിയമ്മ, പുത്തൻവീട് | 117010100974/24.05.17 |
| | | 632 | ദേവരാജൻ, തിരുനിലശ്ശേരി | 117010104205/30.11.17 |
| | 2-6 | 2,775 | സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 117010107466/31.03.18 |
| | | 27,490 | സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 117010107465/31.03.18 |
| | | 25,326 | സെന്റ് ബെനഡിക്ട് ഇംഗ്ലീഷ് സ്കൂൾ | 12718/86 21.03.18 |
| | | 25,720 | സെന്റ് ബെനഡിക്ട് ഇംഗ്ലീഷ് സ്കൂൾ | 20941/29 27.11.18 |
| 2016-17 | 2.3.2 | 4,500 | ബിജുകുമാർ | 117010101722/ 20.7/17 |
| | | 2,860 | തങ്കമ്മ | 117010106824/ 6.3.18 |
| | 3.3 | 24,000 | കൊച്ചുമേലതിൽ ഏജൻസീസ് | 118011103080 / 8.11.18 |
| | 3.8 | 24,000 | വി ഇ ഒ | ചെലാൻ നം. 542592720162 / 26.02.18 |

## **4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3-11-5 | കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപ ടിയിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവ ഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2016-17 | 3.3 | റ്റി എൻ ഭദ്രൻ, സെക്രട്ടറി | - | - | 24,000/- 118010103080 /8.11.18 | | | | | | |
| 2 | 2016-17 | 3.8 | വി ഇ ഒ | - | - | 24000/- 54259272162/ 26.02.18 | | | | | | തുക പുനലൂർ STO യിൽ ഒടുക്കി |
| 3 | 2015-16 | 3.1 | സെക്രട്ടറി | - | - | | 84,623/- 118010400009/ 29.1.19 | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,23,55,755 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,91,06,006 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,45,963 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,13,328 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 30,995 | ശ്രീ.ടി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-6 | | 3,700 | ശ്രീ.ടി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-8 | | 9,500 | ശ്രീ.ടി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-9 | | 89460 | ശ്രീ.ടി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-11 | | 12,308 | ശ്രീ .രാജേന്ദ്രകുമാർ,എ.ഇ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 22,000 | ശ്രീ.ടി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-3 | 41,328 | ശ്രീ.ടി.എൻ.ഭദ്രൻ , സെക്രട്ടറി |
| 3-7 | 2,00,000 | ശ്രീ.ടി.എൻ.ഭദ്രൻ, സെക്രട്ടറി |
| | 9,50,000 | ഡോ.ഉഷ, വെറ്ററിനറി സർജൻ |
| | 9,00,000 | ശ്രീമതി.രേണുക.എൻ, ഹെഡ്മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി.എൻ.ഭദ്രൻ സെക്രട്ടറി | സെക്രട്ടറി, വിളക്കുടി ഗ്രാമ പഞ്ചായത്ത് | സിന്ധു ഭവൻ , പവിത്രേശ്വരം പി.ഒ , പുത്തൂർ |
| ശ്രീ രാജേന്ദ്രകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | - | സൂര്യരാജ്ചിന്ത്, കൈലാസ് നഗർ കൊയ്ത്തൂർക്കോണംപി.ഒ, പോത്തൻകോട് |
| ഡോ.ഉഷ, വെറ്ററിനറി സർജൻ | | ഷാനി, പുത്തൻകാലായിൽ, കരിക്കകം.പി.ഒ, കൊട്ടാരക്കര |
| ശ്രീമതി.രേണുക.എൻ, ഹെഡ്മിസ്ട്രസ്സ് | | കോതേഴത്ത്, പുളക്കാട്.പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(3) തീയതി- 28.04.18 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(4) തീയതി-28.04.18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(6) തീയതി-28.04.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(7) തീയതി-28.04.18 | 4 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(8) | 6 |

| | | |
|---|---|---|
| | തീയതി-28.04.18 | |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(9) തീയതി-28.04.18 | 5 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(10) തീയതി-28.04.18 | 12 |
| 2006-07 | എൽ. എഫ്.ക്യൂ.പി.7/1188/14(2) തീയതി-11.06.2014 | |
| 2007-08 | എൽ. എഫ്.ക്യൂ.പി.7/1188/14(3) തീയതി-11.06.2014 | |
| 2008-09 | എൽ. എഫ്.ക്യൂ.പി.7/1188/14(4) തീയതി-11.06.2014 | |
| 2009-10 | എൽ. എഫ്.ക്യൂ.പി.7/1188/14(5) തീയതി-11.06.2014 | |
| 2010-11 | എൽ. എഫ്.ക്യൂ.പി.7/1188/14(6) തീയതി-11.06.2014 | |
| 2011-12<br>2012-13 | എൽ. എഫ്.ക്യൂ.പി.7/420/14 തീയതി-05.04.2014 | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/784 /2016/തീയതി-<br>07-06-2016 | |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/1844/2016 തീയതി- 23.03.2017 | |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/1916/2017 തീയതി-12.12.17 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് വകുപ്പ്, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-2018

കെ.എസ്.എ-കെ.എൽ.എം-പി9-368/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in

തീയതി : 22/04/2019

*ഓഡിറ്റ് സാക്ഷ്യപത്രം 2017-2018*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്